# മാധ്യമനീതി ലഭിക്കാത്ത സ്ത്രീത്വം

ജയ, ചേതന

ഇത് കച്ചവടത്തിന്റെ കാലം പുതിയ പുതിയ ഉത്പാദനങ്ങളും വിപണനതന്ത്രങ്ങളും വിപണിയിൽ അരങ്ങുതകർത്താടുമ്പോൾ ഈ വിപണനത്തിന്റെ ഏതു മേഖലയിൽ സ്ത്രീ ഉപയോഗിക്കപ്പെടുന്നു എന്ന് നാം ശ്രദ്ധിക്കുന്നില്ലേ? പത്രങ്ങളിലെ വാർത്തകൾക്കിടയിൽ വാർത്തക്കേട്ടുകളായും കാഴ്ചകളിലെ കാണാക്കാഴ്ചകളിലെ ചൂഷണ വസ്തുവായും സ്ത്രീ. നേർവായനയിലെ ശരിക്കേട്ടുകളേക്കാൾ ദൃശ്യമാധ്യമങ്ങളിലെ അധീശവൽക്കരണത്തിലാണ് സ്ത്രീ കൂടുതലും നഗ്നയാക്കപ്പെടുന്നത്. അപഹാസ്യയാക്കപ്പെട്ടേക്കാവുന്ന സാഹചര്യത്തിൽ മാത്രം വായനയുടെ മുൻകോളങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സ്ത്രീമുഖം വാർത്താപ്രാധാന്യത്തേക്കാളേറെ ലക്ഷ്യമാക്കുന്നത് ചെന്നായ്ക്കണ്ണുകളുമായി കാത്തിരിക്കുന്ന ഭൂരിപക്ഷത്തിന്റെ ചോദനകളെയാണ്. പെണ്ണിനെ സംബന്ധിച്ചിടത്തോളം ഇത്തരം സാഹചര്യങ്ങൾ കുറവും ആണിന് സർവസാധാരണമായതുകൊണ്ടുമാണ് പ്രാധാന്യം കുറഞ്ഞുപോകുന്നതെന്ന ആന്തരികസത്യത്തെ ഉൾക്കൊള്ളുമെങ്കിലും ന്യൂനപക്ഷസംരക്ഷണവും പ്രാധാന്യവും കാണിക്കേണ്ടത് ഇത്തരം വാർത്തകളുടെ കൊട്ടിക്കാഴ്ചകളിലൂടെയാണോയെന്ന സന്ദേഹം ബാക്കിയാവുന്നു.

പാടിപാടിത്തളർന്ന പല്ലവിയുമായി സിനിമക്കാർ നായികാ ദാരിദ്ര്യം എന്ന മോങ്ങിക്കൊണ്ടിരിക്കുമ്പോഴും കടന്നുവരുന്ന മുഖങ്ങൾ എപ്പോഴും തിരശ്ശീലയ്ക്കു പിന്നിലും ഉഗ്രപ്രതാപവാനായ നായകന്റെ പിന്നിലും ഒതുക്കിക്കൂട്ടുന്ന പതിവ് മാറ്റാൻ ഇവർ തയ്യാറാകുന്നതേയില്ല. സ്ത്രീ എന്നും തണൽ തേടുന്നവളാണെന്ന മിഥ്യാധാരണയുടെ ശക്തമായ ആവിഷ്കാര പ്രവണതയുമായി ഓരോ സിനിമയും പുറത്തുവരുമ്പോൾ അതിൽ നിന്നും മോചനം തേടി അരങ്ങുവിടുന്നവരെ ചൊല്ലി ആരും വിലപിക്കേണ്ടതില്ല. വൈരുധ്യങ്ങളുടെ ലോകം പുരുഷനുമാത്രം അവകാശപ്പെട്ടതാണെന്നും വരച്ചുവെച്ച വഴികളിലൂടെ മാത്രം നടന്നു നീങ്ങേണ്ടവളാണ് സ്ത്രീ എന്നുമുള്ള വിഡ്ഢിമനസ്സ് പുരുഷലോകത്തിന് സ്വന്തമാണ്.

പരസ്യലോകത്തിലെ അവിഭാജ്യഘടകമായി സ്ത്രീ മാറിയത് നയതന്ത്രത്തിന്റെ ഭാഗമായി കൊണ്ടാവണം. പ്രസ്താവനകളിൽ ആധുനിക ലോകത്തിലെ സ്ത്രീ ശക്തയാണ്. ആധുനികവത്ക്കരണത്തിന്റെ പേരിൽ പുറത്തുവരുന്ന പരസ്യങ്ങൾ ഘോഷിക്കുന്നത് അവരുടെ ഉത്പ്പന്നങ്ങളേക്കാൾ വിലകുറഞ്ഞതാണ് സ്ത്രീ എന്നാണ്. ഒരേ ശരീരം തന്നെ വ്യത്യസ്തരീതിയിലാണ് ചിത്രീകരിക്കുന്നത്. പുരുഷശരീരത്തെ പുരുഷത്വത്തിന്റേയും ധീരതയുടേയും ഉദാത്തമാതൃകകളായി ചിത്രീകരിക്കുമ്പോൾ സ്ത്രീ ശരീരത്തെ സ്ത്രീത്വത്തിന്റെ ഉദാത്തതയായി പരിഗണിക്കാതെ ലൈംഗികാതിപ്രസരമുള്ള ഉണർത്തുന്ന രീതിയിൽ ചിത്രീകരിക്കുന്ന മാധ്യമലോകം ഏതു സംസ്കാരത്തെയാണ് ഘോഷിക്കുന്നത്?. സ്ത്രീയെ മൃദുലതകളുടേയും ദുർബലതകളുടേയും ഒരൊറ്റ നിശ്വാസത്തിൽ പുരുഷനും പിറകെ പായുന്ന സ്ത്രീയും അലക്കിയലക്കി നടുവൊടിയുന്ന സ്ത്രീയും ശരീരത്തിലെ കറുത്ത പാടുകൾ മാത്രമാണ് ജീവിത പ്രശ്നമെന്ന് കരുതുന്നവളും. കാഴ്ചക്കാരുടെ മനസ്സിൽ സ്ത്രീ ഒരു 'ചരക്കു' മാത്രമാണെന്ന തോന്നലുളവാക്കാൻ ഇതൊക്കെ ധാരാളം സൃഷ്ടിയെന്ന മഹത്ധർമ്മം നിർവഹിക്കുന്നവളെന്ന പദവിപോലും ചൂഷണത്തിന്റെ അനന്തവിശാലതകളിലേക്കുള്ള പടിവാതിലാകുമ്പോൾ 'സ്ത്രീ' വീണ്ടും ചിന്തകളുടെ അന്തമില്ലായ്മയിലേക്കു തന്നെ.